# ദുക്റാന: പുണ്യസ്മൃതികളുടെ പൂക്കാലം

ദിവ്യഗുരുവിനോടുള്ള അചഞ്ചലമായ സ്നേഹത്തിന്റേയും വിശ്വാസത്തിന്റേയും ചൈതന്യം പകർന്നു നല്കികൊണ്ട് നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മ ത്തിരുനാൾ ഒരിക്കൽ കൂടി നമ്മെ സമീപിക്കുകയാണ്.

ഒലിവുപൂക്കളുടെ സുഗന്ധവും, ഗോതമ്പുവയലുകളുടെ, സമൃദ്ധിയും, മുന്തിരിത്തോട്ടങ്ങളുടെ തിളക്കവും നിറഞ്ഞ ഗലീലിയുടെ താഴ്വരകളിൽ നിന്നും, മന്ത്രധ്വനികളാൽ മുഖരിതമായ ആർഷഭാരത ഭൂവിലേയ്ക്ക് ക്രൈസ്തവ വിശ്വാസത്തിന്റെ ദീപശിഖയുമേന്തി മാർതോമാ ശ്ലീഹാ കടന്നുവന്നു. വിശുദ്ധമായ ഒരു സന്ദേശവും ശ്രേഷ്ഠമായ ഒരു ദൗത്യവുമായി.

ഭാരത മക്കളെ നീതിസൂര്യനായ ഈശോയുടെ പ്രകാശത്താൽ നിറയ്ക്കുവാനായി കടന്നു വന്ന പുണ്യപിതാവിന്റെ ദീപ്തമായ സ്മരണകൾക്കു മുൻപിൽ ഈ ദുക്റാന ദിനം നമുക്ക് ശിരസ്സു നമിക്കാം. ഭാരത മണ്ണിൽ വിശ്വാസത്തിന്റെ ദീപം തെളിച്ചത്തിന്റെയും അതിന്റെ വിലയായി സ്വജീവിതം ബലിയർപ്പിച്ചതിന്റെയും പുണ്യചരിത്രം അഭിമാനപൂർവ്വം നമുക്കനുസ്മരിക്കാം.

വി. തോമാശ്ലീഹായിൽ ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യന്റെ ചിത്രം നമുക്ക് കാണുവാൻ സാധിക്കും. ഈശോയെ തൊട്ടറിഞ്ഞവൻ; അവിടുത്തേയ്ക്ക് തന്നെതന്നെ പരിപൂർണ്ണമായി സമർപ്പിച്ചവൻ; അവിടുത്തോടുകൂടി മരിക്കുവാൻ തയ്യാറാവുന്നവൻ- യഥാർത്ഥ ക്രിസ്തു ശിഷ്യന്റെ മിഴിവാർന്ന രൂപം വി. യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷത്തിലൂടെ അവതരിപ്പിക്കുന്നു.

തോമാശ്ലീഹായുടെ വ്യക്തിത്വത്തെ അനാവരണം ചെയ്യുന്ന മൂന്ന് സംഭവങ്ങൾ വി. യോഹന്നാൻ ശ്ലീഹാ അനുസ്മരിപ്പിക്കുന്നു. യഹൂദരോടുള്ള ഭയം നിമിത്തം യൂദായിലേയ്ക്കുള്ള ഈശോയുടെ യാത്രയെ ശിഷ്യന്മാർ തടയുമ്പോൾ ''നമുക്കും അവനോടുകൂടി പോയി മരിക്കാം''എന്നു പ്രഖ്യാപിച്ചുകൊണ്ട് ഗുരുവിനൊപ്പം ധീരമായി തോമാശ്ലീഹാ നിലകൊള്ളുകയാണ്. പുനരുത്ഥാനവും ജീവനുമായ ഈശോയെ സ്വന്തം ജീവൻ വിലയായ് നൽകി അനുഗമിക്കണമെന്ന് ഉദ്ബോധിപ്പിക്കുക മാത്രമല്ല, സ്വജീവിതത്തിലൂടെ ആ പ്രഖ്യാപനത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് ശ്ലീഹാ ധീരമായ മാതൃകയായി ത്തീരുകയും ചെയ്തു.

യേശുവാണ് പിതാവിലേയ്ക്കുള്ള ഏകവഴി എന്ന് യോഹന്നാൻ ശ്ലീഹാ പഠിപ്പിക്കുന്നത് തോമാശ്ലീഹായിലൂടെയാണ്. 'ഞാൻ പോകുന്നു; പോകുന്നിടത്തേയ്ക്കുള്ള വഴി നിങ്ങളറിയുന്നു'വെന്ന് പറഞ്ഞ ഈശോയുടെ മുന്നിൽ മറ്റു ശിഷ്യന്മാർ മൗനമായിരുന്നപ്പോൾ 'നീ എങ്ങോട്ടുപോകുന്നുവെന്ന് ഞങ്ങൾക്കറിയില്ല' എന്ന നിസ്സഹായത ഗുരുവിനെ ധരിപ്പിക്കുന്നത് തോമായാണ്. തന്റെ നിഷ്കളങ്കമായ ചോദ്യത്തിലൂടെ ഈശോയാണ് വഴിയും സത്യവും ജീവനുമെന്ന അറിവും ബോദ്ധ്യവും ഗുരുമുഖത്തുനിന്ന് നേരിട്ട് ശ്ലീഹാ നേടിയെടുക്കുന്നു.

സത്യം പ്രഘോഷിക്കുന്നവൻ, പ്രഘോഷിക്കുന്നത് അനുഭവവേദ്യമാവണമെന്നു നിർബന്ധമുള്ളവൻ ഇവയാണ് തോമാശ്ലീഹായ്ക്ക് നല്കുന്ന വിശേഷണങ്ങൾ. ഇവിടെയാണ് സംശയിക്കുന്ന തോമാ രംഗപ്രവേശനം ചെയ്യുന്നത്. താൻ ജീവനുതുല്യം സ്നേഹിക്കുന്ന ഗുരു ഉത്ഥിതനായെങ്കിൽ അവനെ തൊട്ടറിഞ്ഞ് ബോദ്ധ്യം വരണമെന്ന് തോമാ നിർബന്ധം പിടിക്കുകയാണ്. ഈ നിർബന്ധബുദ്ധിക്കു മുന്നിൽ ഗുരു കീഴടങ്ങുന്നു. ഈ നിർബന്ധബുദ്ധി വലിയൊരു വിശ്വാസ പ്രഖ്യാപനത്തിന്റെയും പ്രഘോഷണത്തിന്റെയും ഹേതുവായി മാറുകയാണ്. തനിക്കായി തന്റെ മുന്നിൽ പ്രത്യക്ഷനായ ഉത്ഥിതന്റെ തിരുമുറിവിലേയ്ക്കുറ്റു നോക്കി തോമാ പ്രഘോഷിക്കുന്നു ''എന്റെ കർത്താവേ, എന്റെ ദൈവമേ!!'' ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനതത്വമാണ് ശ്ലീഹായിലൂടെ ഇവിടെ പ്രഘോഷിക്കപ്പെടുന്നത്.

ഉത്ഥിതന്റെ തിരുമുറിവിൽ സ്പർശിച്ച് ആ ദിവ്യസാന്നിദ്ധ്യത്തെ കർത്താവും ദൈവവുമായി തോമാ ശ്ലീഹാ ഏറ്റു പറയുമ്പോൾ അത് മിശിഹായെപ്പറ്റിയുള്ള വിശുദ്ധ ഗ്രന്ഥത്തിന്റെ ഏറ്റവും വലിയ വിശ്വാസ

പ്രഖ്യാപനമായി മാറുന്ന ശ്ലീഹായുടെ ഹൃദയത്തുടിപ്പുകൾ സഭ മുഴുവന്റെയും പ്രഘോഷണമായി മാറി.

ഇപ്രകാരം യേശുവിനെ സംബന്ധിച്ച് മൂന്നു വലിയ വിശ്വാസ പ്രഖ്യാപനങ്ങൾ നടത്തുന്നതിന് നിമിത്തവും, ആ വിശ്വാസപ്രഖ്യാപനങ്ങളുടെ പ്രഘോഷകനുമായി മാറുന്ന ശിഷ്യനാണ് തോമാശ്ലീഹാ. താൻ നേരിട്ട് കണ്ട്, കേട്ട്, തൊട്ടനുഭവിച്ചറിഞ്ഞ മിശിഹാനുഭവമാണ് കാതങ്ങൾ പിന്നിട്ട് ഭാരതഭൂവിൽ വിശ്വാസത്തിന്റെ നാളങ്ങൾ തെളിയിക്കാനും ധീര രക്തസാക്ഷിയാകാനും ശ്ലീഹായെ പ്രാപ്തനാക്കിയത്.

വി. തോമാശ്ലീഹായാകുന്ന അടിസ്ഥാനത്തിന്മേൽ പണിതുയർത്തപ്പെട്ട നാമോരുരുത്തരുമാണ് ഇനി വരും തലമുറകളുടെ വിശ്വാസജീവിതത്തിന് അടിസ്ഥാനമാകേണ്ടവർ. തനിക്കില്ലാത്ത ഒന്ന് മറ്റുള്ള വർക്ക് കൊടുക്കുവാൻ നമുക്കാവില്ല. വിശ്വാസത്തിൽ പക്വതയാർജ്ജിച്ചവനേ അതിൽ അഭിമാനി ക്കാനും മറ്റുള്ളവരെ അതിലേയ്ക്കാകർഷിക്കാനും വിശ്വാസത്തിനെതിരായ പ്രതിസന്ധികളെ തരണം ചെയ്യുവാനും സാധിക്കൂ.

ഉപഭോഗ സംസ്ക്കാരത്തിലമർന്ന ആധുനിക യുഗത്തിന്റെ കാറ്റിലും കോളിലും പെട്ട് നമ്മുടെ ക്രിസ്തീയ വിശ്വാസ ജീവിതവും അതിന്റെ മൂല്യങ്ങളും ഞെരുക്കപ്പെടുമ്പോൾ മാർതോമാ ക്രിസ്ത്യാ നികളായ നമുക്ക് മാതൃകയാകേണ്ടത് നശ്വരമായ ലോകത്തിനുമുപരി വിശ്വാസത്തെ വിലമതിച്ച് അതിനു മറുവിലയായി സ്വജീവൻ നല്കി, തന്റെയുള്ളിൽ ജ്വലിച്ചുകൊണ്ടിരുന്ന വിശ്വാസത്തിന്റെ നാളമണയാതെ കാത്തുസൂക്ഷിച്ച മാർ തോമാശ്ലീഹായുടെ ധൈര്യവും, തീഷ്ണതയും, ക്രിസ്തുവിനോടുള്ള അചഞ്ച ലമായ സ്നേഹവുമാണ്.

തോമാശ്ലീഹായെപ്പോലെ വിശ്വാസത്തെ ഏറ്റവും വലിയ നിധിയായി കാത്തുസൂക്ഷിക്കുവാനും വിശ്വാസത്തിലുള്ള നിലനിൽപിനായി ഏതു ത്യാഗം സഹിക്കുവാനും നമുക്ക് കഴിയണം. ജീവിതത്തിലെ സുഖദുഃഖങ്ങൾക്കും വിജയപരാജയങ്ങൾക്കും മുൻപിൽ നാഥനിലുള്ള വിശ്വാസത്തോടെ നമുക്കു ഏറ്റുപറയാം ''എന്റെ കർത്താവേ എന്റെ ദൈവമേ''...

ഈ ദുക്റാനയിൽ വിശ്വസത്തിൽ നമ്മെ ജനിപ്പിച്ച മാർ തോമാശ്ലീഹായുടെ ഓർമ്മ ആചരിക്കുന്ന തോടൊപ്പം ക്രൈസ്തവ വിശ്വാസത്തിന്റെ പരമഭാവമായ വി. കുർബാനയിൽ നമുക്ക് പ്രാർത്ഥിക്കാം. ''ആദ്ധ്യാത്മികവും മാനുഷികവുമായ ബലികൾ യഥാർത്ഥ വിശ്വാസത്തോടെ അങ്ങേയ്ക്കർപ്പിക്കു വാൻ ഞങ്ങളെ യോഗ്യരാക്കണമെ''.

**എല്ലാവർക്കും ദുക്റാനത്തിരുനാൾ മംഗളങ്ങൾ.**

**സി. ജോയിസ്. ഡി.എസ്.റ്റി**